<u>പൊതുസ്ഥലമാറ്റം/അടിയന്തിരം</u>

നം. ബി 2/44189/15/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി. 04.12.2015

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസവകുപ്പ്-ഗവൺമെന്റ് കോളേജുകൾ -2016-2017 അക്കാദമിക് വർഷത്തേയ്ക്കുള്ള അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിക്കു ന്നു.

സൂചന :- 1. 21/12/1994 ലെ നം. ജി.ഒ (എം.എസ്) 27/1994/ഉ.വി.വ.
2. 14/08/1997 ലെ നം. ജി.ഒ (എം.എസ്) 112/1997/ഉ.വി.വ.
3. 01/09/2004 ലെ നം. ജി.ഒ (എം.എസ്) 114/2004/ഉ.വി.വ.

ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലെയും, മ്യൂസിക് കോളേജുകളിലെയും, ഗവൺമെന്റ് സംസ്കൃത കോളേജുകളിലെയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അദ്ധ്യാപകരിൽ നിന്നും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും, ഗവ. പോളിടെക്നിക് കോളേജുകളിലും ജോലി ചെയ്യുന്ന കോളേജ് വിദ്യഭ്യാസ വകുപ്പിലെ അദ്ധ്യാപകരിൽ നിന്നും 2016-2017 അക്കാദമിക് വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. എറണാകുളം മഹാരാജാസ് കോളേജിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ പരിഗണിക്കുന്നതിനും മഹാരാജാസ് കോളേജിൽ തുടരാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകരും 05.05.2015-ലെ GO (MS) No. 157/15/ഉ.വി.വ പ്രകാരമുള്ള അണ്ടർ ടേക്കിംഗ് ലഭ്യാമാക്കേണ്ടതാണ്. അണ്ടർ ടേക്കിംഗ് മുൻപ് സമർപ്പിച്ചിട്ടുള്ള അദ്ധ്യാപകരെ സംബന്ധിച്ച വിവരം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. <u>നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് അതാത് സ്ഥാപന മേധാവികളുടെ ശുപാർശയോടുകൂടി 2016 ജനുവരി 30-നകം ഈ ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്.</u> സ്ഥലം മാറ്റത്തിന് ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിയ്ക്കാൻ അർഹതയുള്ള അദ്ധ്യാപകർ ആ വിവരം അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തുകയും, ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം അയയ്ക്കുകയും ചെയ്തിരിയ്ക്കണം. ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിൽ മുൻഗണന നൽകുന്നതിന് പരിഗണിയ്ക്കുന്നതല്ല. സ്ഥലം മാറ്റപ്പെടുന്നതിൽ നിന്നും ഏതെങ്കിലും തരത്തിൽ പ്രത്യേക പരിരക്ഷയുള്ള അദ്ധ്യാപകർ പ്രസ്തുത വിവരം സ്ഥാപന മേധാവിയെ അറിയിക്കേണ്ടതും, സ്ഥാപനമേധാവി താഴെ ക്രമ നമ്പർ 2 ജി-യിൽ ഉൾപ്പെടുത്തേണ്ടതുമാണ്. നിലവിൽ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്ത അദ്ധ്യാപകർ ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിനും, നേരത്തെ തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റാൻ ആഗ്രഹിയ്ക്കുന്ന അദ്ധ്യാപകർ ഹോം സ്റ്റേഷൻ മാറ്റുന്നതിനും ഉള്ള അപേക്ഷ കൂടി സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതാണ്. <u>2016 ജനുവരി 30-നു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.</u>

അപേക്ഷകൾ അയയ്ക്കുമ്പോൾ സ്ഥാപന മേധാവികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതാണ്.

1. ഓരോ വിഷയത്തിലെയും അദ്ധ്യാപകരുടെ അപേക്ഷകൾ വേർതിരിച്ച് പ്രത്യേകം ആമുഖകത്തോടെ അയച്ചു തരേണ്ടതാണ്. ഒരു കാരണവശാലും ഒന്നിലധികം വിഷയങ്ങളിലെ അദ്ധ്യാപകരുടെ അപേക്ഷകൾ ഒരുമിച്ച് അയയ്ക്കുവാൻ പാടുള്ളതല്ല.
   ഒരു വിഷയത്തിലുള്ള അദ്ധ്യാപകരിൽ ആരും തന്നെ സ്ഥാപനത്തിൽ നിന്ന് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലെങ്കിൽ കൂടി ആ വിഷയത്തെ സംബന്ധിച്ച് ക്രമ നമ്പർ 2 ന്റെ ചുവട്ടിൽ (B മുതൽ G വരെ) ആവശ്യപ്പെട്ടിട്ടുള്ള മറ്റ് എല്ലാ വിവരങ്ങളും അയച്ചുതരേണ്ടതാണ്,
2. ഓരോ വിഷയത്തിലെയും അദ്ധ്യാപകരുടെ അപേക്ഷകൾ അയയ്ക്കുന്ന ആമുഖ കത്തിൽ ആ വിഷയത്തെ സംബന്ധിച്ചു താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

(A) സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകരുടെ പെൻ നമ്പർ, പേര്, തസ്തിക.

(B) അദ്ധ്യാപകരിൽ ആരെങ്കിലും എൻ.സി.സി. ഓഫീസറായി പ്രവർത്തിക്കുന്നുണ്ടോ?
ഉണ്ടെങ്കിൽ :

1. എൻ.സി.സി. യൂണിറ്റുകളുടെ എണ്ണം.
2. എൻ.സി.സി ഓഫീസറായി പ്രവർത്തിയ്ക്കുന്ന അദ്ധ്യാപകരുടെ പെൻ നമ്പർ, പേര്, തസ്തിക, ട്രെയിനിംഗ് പൂർത്തിയാക്കിയ തീയതി.
3. എൻ.സി.സി ഓഫീസറായി ചുമതല ഏറ്റെടുത്ത തീയതി.

(C) എഫ്.ഐ.പി. ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ. (പെൻ നമ്പർ, പേര്, ഡെപ്യൂട്ടേഷൻ കാലാവധി)

(D) ശൂന്യവേതനാവധിയിൽ തുടരുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ (പെൻ നമ്പർ, പേര്, അവധി കാലയളവ്)

(E) നിലവിൽ അനുവദിയ്ക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണം/
യഥാർത്ഥത്തിലുള്ള വർക്ക്ലോഡ് പ്രകാരം ആവശ്യമായ തസ്തികകളുടെ എണ്ണം/
നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകർ/ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ എന്നുമുതൽ ജോലിനോക്കുന്നു, മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും ജോലി ചെയ്തിരുന്ന കാലവും, അവരുടെ ഹോം സ്റ്റേഷനും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം സർക്കാർ സംഗിത കോളേജുകളിലെ അദ്ധ്യാപകരുടെ വിവരങ്ങൾ തസ്തികയും വിഷയവും തിരിച്ച് (ലക്ചറർ, അസിസ്റ്റന്റ് പ്രഫസർ, പ്രൊഫസർ) നൽകേണ്ടതാണ്.

(F) 31/5/2016 വരെ വിരമിയ്ക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ (പെൻ നമ്പർ, പേര്, ജനന തീയതി, വിരമിയ്ക്കൽ തീയതി)

(G) സ്ഥലം മാറ്റപ്പെടുന്നതിൽ നിന്നും പരിരക്ഷ അർഹിയ്ക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ.

സ്ഥലംമാറ്റം സംബന്ധിച്ച താൽക്കാലിക ലിസ്റ്റ് 2016 മാർച്ച് 31 ന് പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ലിസ്റ്റിന്മേൽ പരാതിയുള്ള പക്ഷം ആയത് വേണ്ട തെളിവുകളോടെ സമർപ്പിക്കണം. പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. സ്ഥലം മാറ്റം നൽകിക്കൊണ്ടുള്ള അന്തിമ ഉത്തരവ് മേയ് മാസം അവസാനത്തെ ആഴ്ചയിൽ പുറപ്പെടുവിക്കുന്നതാണ്. സ്ഥലം മാറ്റത്തിനുള്ള അപേക്ഷയുടെയും ഹോംസ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിന്/മാറ്റുന്നതിന് ഉള്ള അപേക്ഷയുടെയും മാതൃക കോളേജു വിദ്യാഭ്യാസവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
എം. നന്ദകുമാർ. ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഗവ.കോളേജ് പ്രിൻസിപ്പൽമാർക്കും/മ്യൂസിക് കോളേജ്/ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ ഗവ.എഞ്ചിനീയറിംഗ് കോളേജ്/ലാ കോളേജ്/മെഡിക്കൽ കോളേജ്/ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ഗവ.പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും
4. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
5. സൂപ്രണ്ട് -എ/ബി സെക്ഷനുകൾ
6. എ/ബി സെക്ഷനിലുള്ള എല്ലാ ക്ലാർക്കുമാർക്കും
7. കരുതൽ ഫയൽ
8. ഔദ്യോഗിക വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്

// അംഗീകാരത്തോടെ//

സൂപ്രണ്ട്

OS 05.12.15

## കോളേജ് വിദ്യാഭ്യാസ വകുപ്പ്
## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 2014

1. പെൻ നമ്പർ :
2. അപേക്ഷകന്റെ പേര് :
3. ഔദ്യോഗിക മേൽ വിലാസം :
4. മൊബൈൽ നമ്പർ :
5. ഇ-മെയിൽ ഐ.ഡി :
6. സ്ഥലം മാറ്റം ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ (മുൻഗണനാ ക്രമത്തിൽ)
   1) :
   2) :
   3) :
7. ഹോം സ്റ്റേഷൻ :
8. മുൻപ് തെരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും വിശദ വിവരവും :
9. സ്ഥലമാറ്റത്തിനുള്ള കാരണം :
10. (എ) ജനന തീയതി :
    (ബി) പെൻഷൻ തീയതി :
    (സി) സർവ്വീസിൽ പ്രവേശിച്ച തീയതി :
11. മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും ജോലി ചെയ്തിരുന്ന കാലവും:-

| സ്ഥാപനത്തിന്റെ പേര് | പ്രവേശിച്ച തീയതി | റിലീവ് ചെയ്ത തീയതി | ഔട്ട് സ്റ്റേഷൻ സർവ്വീസ് (വെയിറ്റേജ് ഉൾപ്പെടെ) |
|---|---|---|---|
| | | | |

12. സ്ഥലം മാറ്റത്തിനുള്ള മുൻഗണന അർഹിക്കുന്ന വിഭാഗക്കാരനാണോ : അതെ അല്ല
13. അതെ എങ്കിൽ വിശദ വിവരം :
14. സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ ലഭിക്കുന്നവിഭാഗക്കാരനാണെങ്കിൽ : അതെ അല്ല
15. അതെ എങ്കിൽ വിശദവിവരം :
16. എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുകയാണൊ : അതെ അല്ല

### സത്യപ്രസ്താവന

ഞാൻ ........................................................................................ മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

സ്ഥലം:
തീയതി:

സ്ഥാപനമേലാധികാരിയുടെ ശുപാർശ

സ്ഥലം:
തീയതി:

(ഒപ്പ്)

## ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിന്/മാറ്റത്തിനുള്ള അപേക്ഷ

1. പെൻ നമ്പർ :

2. അപേക്ഷകന്റെ പേര് :

3. ഔദ്യോഗിക മേൽ വിലാസം :

4. മിശ്രവിവാഹിതർ/പട്ടിക ജാതി/പട്ടിക വർഗ്ഗം/ വികലാംഗർ/സ്വാതന്ത്ര്യ സമര സേനാനികളുടേയും ജവാൻമാരുടേയും ആശ്രിതർ എന്നീ വിഭാഗത്തിൽ പ്പെടുന്നുണ്ടോ എങ്കിൽ വിശദ വിവരം :

5. തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന ഹോം സ്റ്റേഷൻ:

6. ഹോം സ്റ്റേഷൻ പുതുതായി തെരഞ്ഞെടുക്കുന്നതാണോ? :

7. അല്ല എങ്കിൽ വിശദ വിവരം/നിലവിൽ തെരഞ്ഞെടുത്തിട്ടുള്ള ഹോം സ്റ്റേഷൻ :

## സത്യപ്രസ്താവന

ഞാൻ .................................................................................... മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

സ്ഥലം:

തീയതി:

## സ്ഥാപനമേലധികാരിയുടെ അഭിപ്രായവും ശുപാർശയും

മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ലഭ്യമായ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് കാണുന്നു.

മേലധികാരിയുടെ ഒപ്പ് :

ഔദ്യോഗിക മേൽ വിലാസം :

സ്ഥലം:

തീയതി: (ഓഫീസ് സീൽ)